**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1222** | **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര/താറാവ് കർഷകർക്കായി നൽകുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ ക്ഷീരകർഷകർക്ക്/ താറാവ് കർഷകർക്ക്, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നൽകിയ സേവനങ്ങളുടെ ഇനം തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിലെ ക്ഷീരകർഷകർക്കായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>മൃഗസംരക്ഷണ വകുപ്പ് ആലപ്പുഴ നിയമസഭാ മണ്ഡലത്തിൽ ക്ഷീരകർഷകർക്കും/താറാവ് കർഷകർക്കും ഉൾപ്പെടെ ഈ മേഖലയ്ക്കായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>അമ്പലപ്പുഴ ബ്ളോക്കിൽപ്പെടുത്തി ആലപ്പുഴ ജില്ലാ വെറ്ററിനറി കേന്ദ്രം മുഖേനയും ആര്യാട് ബ്ളോക്കിൽപ്പെടിത്തി കലവൂർ മൃഗാശുപത്രി മുഖേനയും രാത്രികാല അടിയന്തിര വെറ്ററിനറി സേവനങ്ങൾ നൽകിവരുന്നു.<br><br>2022-23 കാലയളവിലേയ്ക്ക് ക്ഷീരകർഷകർക്കും/ താറാവ് കർഷകർക്കും ഉൾപ്പെടെ ഈ മേഖലയ്ക്കായി അനുവദിച്ച പദ്ധതികൾ അനുബന്ധം 3 ആയി ചേർക്കുന്നു. ഇവയുടെ നിർവ്വഹണം നടന്നുവരുന്നു. |
| (ബി) | പ്രസ്തുത കർഷകർക്കായി ഏർപ്പെടുത്തിയിരിക്കുന്ന ഇൻഷ്വറൻസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | ക്ഷീരവികസന വകുപ്പിന് കീഴിൽക്ഷീരകർഷകർക്കായി ക്ഷീരസാന്ത്വനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>മേഖലാ ക്ഷീരോല്പാദക യൂണിയനുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവരുടെ സംയുക്ത സംരംഭമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്.<br><br>2021-2022 വർഷത്തിൽ അംഗീകരിച്ച ടെണ്ടർ നിരക്കുകൾ പ്രകാരം ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമാണ് പദ്ധതിയുടെ നടത്തിപ്പ് പങ്കാളികൾ. ക്ഷീര സഹകരണ സംഘങ്ങൾക്ക് ക്ഷീര കർഷകർക്കും ജീവനക്കാർക്കും സംഘത്തിന്റെ |

സാമ്പത്തിക സ്ഥിതിയ്ക്കനുസരിച്ച് ഗുണഭോക്തൃ വിഹിതത്തിൽ 50% ധനസഹായമാണ് നൽകുന്നത്.

സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകുന്നതും 2020-21 വർഷങ്ങളിൽ പരിരക്ഷ ലഭിക്കുന്നവരും തൻവർഷം പദ്ധതിയിൽ ചേരുന്നവരുമായ ക്ഷീരകർഷകർ/ ക്ഷീര സഹകരണ സംഘം ജീവനക്കാർ,, ജീവിതപങ്കാളി, 25 വയസ്സ് വരെ പ്രായമായ 2 കുട്ടികൾ, മാതാപിതാക്കൾ, കർഷകന്റെ കറവമാടുകൾ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

ഹെൽത്ത് ഇൻഷ്വറൻസിൽ കർഷകനെയും കുടുംബത്തിനെയും മാതാപിതാക്കളെയും ഇൻഷ്വർ ചെയ്യുമ്പോൾ ആകെ പ്രീമിയം തുക 9872/- ആണ്. എന്നാൽ 3300/- രൂപ ധനസഹായം കഴിച്ച് ബാക്കി 6572/- രൂപ ഗുണഭോക്തൃവിഹിതമായി അടച്ചാൽ മതിയാകും.

50000/-രൂപയ്ക്ക് ഒരു പശുവിനെ ഇൻഷ്വറൻസ് ചെയ്യുമ്പോൾ ആകെ 1800/- രൂപയാണ് പ്രീമിയം തുക. അതിൽ 900/-രൂപ ധനസഹായം കഴിച്ച് 900/- രൂപ മാത്രം ഗുണഭോക്തൃ വിഹിതം അടച്ചാൽ മതിയാകും.

60000/- രൂപയ്ക്ക് ഒരു പശുവിനെ ഇൻഷ്വറൻസ് ചെയ്യുമ്പോൾ ആകെ 2,160/- രൂപയാണ് പ്രീമിയം തുക. അതിൽ 1080/- രൂപ ധനസഹായം കഴിച്ച് 1080/- രൂപ മാത്രം ഗുണഭോക്തൃ വിഹിതം അടച്ചാൽ മതിയാകും.

70000/- രൂപയ്ക്ക് ഒരു പശുവിനെ ഇൻഷ്വറൻസ് ചെയ്യുമ്പോൾ ആകെ 2520/- രൂപയാണ് പ്രീമിയം തുക. അതിൽ 1260/- രൂപ ധനസഹായം കഴിച്ച് 1260/- രൂപ മാത്രം ഗുണഭോക്തൃ വിഹിതം അടച്ചാൽ മതിയാകും.

2021-22 ൽ ടി പദ്ധതി വഴി 96 കർഷകർ 121 പശുക്കളേയും 46 ഹെൽത്ത് ഇൻഷ്വറൻസും ചെയ്തിട്ടുണ്ട്.

പരമാവധി 2 ഉരുക്കൾക്ക് മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ. പശു മരണപ്പെടുകയാണെങ്കിലും ചെന പിടിക്കാതെ വന്നാലും ക്ലയിം ലഭിക്കും.

2021-22 ൽ ടി പദ്ധതി വഴി 110 കർഷകർ 81 പശുക്കളെ ഇൻഷ്വറൻസ് ചെയ്യുകയും 55 കർഷകരെ ഹെൽത്ത് ഇൻഷ്വറൻസ് ചെയ്യിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | മൃഗ സംരക്ഷണ വകുപ്പിൽ ഗോസമൃദ്ധി - NLM ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നുണ്ട്. ഇതോടൊപ്പം ചെറിയ തുക പ്രീമിയം അടച്ചുകൊണ്ട് ക്ഷീരകർഷകർക്കും Personal Accident cover ലഭ്യമാകുന്നുണ്ട്. ഇൻഷ്വർ ചെയ്യുന്ന കർഷകർ മരിച്ചാൽ 5 ലക്ഷവും അപകടം സംഭവിച്ചാൽ 2.5 ലക്ഷംവും ലഭിക്കുന്നു. ആലപ്പുഴ മണ്ഡലത്തിൽ ആകെ 79,738/- രൂപ ചിലവഴിച്ച് 86 ഉരുക്കളെ കഴിഞ്ഞ ഒരു വർഷത്തിൽ ഇൻഷ്വർ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ക്ഷീര/താറാവ് കർഷകർക്കായി നൽകുന്ന സേവനങ്ങൾ പഞ്ചായത്ത്/മുൻസിപ്പാലിറ്റി എന്നിങ്ങനെ തരം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ? | (സി) | ആലപ്പുഴ മണ്ഡലത്തിലെ ക്ഷീരകർഷകർക്കായി ക്ഷീരവികസന വകുപ്പ് നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>1.പാലിന് സബ്സിഡി</u>**<br><br>ക്ഷീരകർഷകർ സംഘത്തിൽ ഒഴിക്കുന്ന പാലിന് ലിറ്ററിന് 4/- രൂപ പ്രകാരം സബ്സിഡി നൽകുന്നു.<br><br>ആര്യാട് പഞ്ചായത്ത് – 7 ലക്ഷം<br><br>മാരാരിക്കുളം തെക്ക് പഞ്ചായത്ത് – 11 ലക്ഷം<br><br>മണ്ണഞ്ചേരി പഞ്ചായത്ത് – 28 ലക്ഷം<br><br>ആകെ – 46 ലക്ഷം<br><br>**<u>2. കാലിത്തീറ്റ സബ്സിഡി</u>**<br><br>ആര്യാട് പഞ്ചായത്ത് – 6 ലക്ഷം<br><br>മാരാരിക്കുളം തെക്ക് പഞ്ചായത്ത് – 10 ലക്ഷം<br><br>മണ്ണഞ്ചേരി പഞ്ചായത്ത് – 18 ലക്ഷം<br><br>ആകെ – 34 ലക്ഷം<br><br>മൃഗസംരക്ഷണ വകുപ്പിൽ ആലപ്പുഴ മണ്ഡലത്തിലെ ക്ഷീര / താറാവ് കർഷകർക്കായി നൽകുന്ന സേവനങ്ങൾ പഞ്ചായത്ത്/മുൻസിപ്പാലിറ്റി എന്നിങ്ങനെ തരം തിരിച്ച് അനുബന്ധം 4 ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| | | |
|---|---|---|
| 1. | പാലിന് സബ്സിഡി പദ്ധതി | 46 ലക്ഷം രൂപ |
| 2. | കാലിത്തീറ്റ സബ്സിഡി പദ്ധതി | 34 ലക്ഷം രൂപ |
| 3. | തീറ്റപ്പുൽകൃഷി പദ്ധതി | 10.64 ഹെക്ടർ -1,33,000/- രൂപ |
| 4. | എം.എസ്.ഡി.പി പദ്ധതി | 11,23,000/- രൂപ |
| 5. | വൈക്കോൽ ധനസഹായ പദ്ധതി | 29750 കി.ഗ്രാം – 1,19,000/- രൂപ |
| 6. | ക്ഷീരസാന്ത്വനം ഇൻഷറൻസ് പദ്ധതി | 121 പശുക്കൾ, 46 കർഷകർ |
| 7. | കോവിഡ് ബാധിതരുടെ ഉരുക്കളെ സംരക്ഷിക്കൽ പദ്ധതി | 4,10,432/- രൂപ |

# അനുബന്ധം 2

## വര്ഷം 2021-22

| ക്രമ നം. | ഇന വിവരം | തുക |
|---|---|---|
| 1 | ഡിസ് ഇൻഫെക്ഷൻ ആന്റ് സാനിറ്റേഷൻ | 21,000/- |
| 2 | ആട് വളർത്തൽ യൂണിറ്റ് | 1,75,000/- |
| 3 | താറാവ് വളര്ത്തല് യൂണിറ്റ് | 55,330/- |
| 4 | ജൈവമാലിന്യം വളമാക്കൽ | 25,000/- |
| 5 | കറവയന്ത്രത്തിന് | 50,000/- |
| 6 | വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾ | 18,500/- |
| 7 | മൃഗാശുപത്രി വികസന സമിതി | 6,000/- |
| 8 | നാഷണല് ലൈവ്സ്റ്റോക്ക് മിഷന് - ആട് വളര്ത്തല് യൂണിറ്റ് | 5,94,000/- |
| 9 | റീബില്ഡ് കേരളാ പദ്ധതി- ആട് വളര്ത്തല് | 1,50,000/- |
| 10 | റീബില്ഡ് കേരളാ പദ്ധതി-തൊഴുത്ത് നിര്മ്മാണം | 50,000 |
| 11 | റീബില്ഡ് കേരളാ പദ്ധതി-കാലിത്തീറ്റ സബ്സിഡി | 12,000 |
| 12 | റീബില്ഡ് കേരളാ പദ്ധതി-ഡയറി ഫാമുകളുടെ ആധുനിക വല്ക്കരണം | 1,00,000/- |

അനുബന്ധം 3

| ക്രമ നം. | ഇന വിവരം | തുക |
|---|---|---|
| 1 | വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾ | 26,000/- |
| 2 | ആട് വളർത്തൽ യൂണീറ്റ് | 1,50,000/- |
| 3 | മൃഗാശുപത്രി വികസന സമിതി | 7,500/- |

<u>അനുബന്ധം 4</u>

| ക്രമ നം. | പഞ്ചായത്ത്/മുന്സിപ്പാലിറ്റി | ഇന വിവരം | തുക |
|---|---|---|---|
| 1 | ആര്യാട് | ഡിസ് ഇൻഫെക്ഷൻ ആന്റ് സാനിറ്റേഷൻ | 2,500/- |
| | | മൃഗാശുപത്രി വികസന സമിതി | 1,500/- |
| | | ആട് വളർത്തൽ യൂണിറ്റ് | 50,000/- |
| 2 | മാരാരിക്കുളം തെക്ക് | ഡിസ് ഇൻഫെക്ഷൻ ആന്റ് സാനിറ്റേഷൻ | 2,500/- |
| | | ജൈവമാലിന്യം വളമാക്കൽ | 25,000/- |
| | | കറവയന്ത്രത്തിന് | 25,000/- |
| | | താറാവ് വളർത്തൽ യൂണിറ്റ് | 24,000/- |
| | | മൃഗാശുപത്രി വികസന സമിതി | 1,500/- |
| | | റീബിൽഡ് കേരളാ പദ്ധതി- ആട് വളര്ത്തല് | 1,50,000/- |
| | | റീബിൽഡ് കേരളാ പദ്ധതി-തൊഴുത്ത് നിർമ്മാണം | 25,000/- |
| | | റീബിൽഡ് കേരളാ പദ്ധതി-ഡയറി ഫാമുകളുടെ ആധുനിക വല്ക്കരണം | 1,00,000/- |
| 3 | മണ്ണഞ്ചേരി | ഡിസ് ഇൻഫെക്ഷൻ ആന്റ് സാനിറ്റേഷൻ | 3,000/- |
| | | നാഷണല് ലൈവ്സ്റ്റോക്ക് മിഷന് - ആട് വളര്ത്തല് യൂണിറ്റ് | 5,94,000/- |
| | | കറവയന്ത്രത്തിന് | 25,000/- |
| | | വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾ | 8,500/- |
| | | മൃഗാശുപത്രി വികസന സമിതി | 1,500/- |
| | | ആട് വളർത്തൽ യൂണിറ്റ് | 50,000/- |
| 4 | മാരാരിക്കുളം വടക്ക് | ആട് വളർത്തൽ യൂണിറ്റ് | 50,000/- |
| | | വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾ | 10,000/- |
| | | മൃഗാശുപത്രി വികസന സമിതി | 1,500/- |
| | | ഡിസ് ഇൻഫെക്ഷൻ ആന്റ് സാനിറ്റേഷൻ | 3,000/- |
| 5 | ആലപ്പുഴ നഗരസഭ (ആലപ്പുഴ മണ്ഡലത്തിലെ വാര്ഡുകള്ക്ക്) | ഡിസ് ഇൻഫെക്ഷൻ ആന്റ് സാനിറ്റേഷൻ | 5,000/- |
| | | ആട് വളർത്തൽ യൂണിറ്റ് | 25,000/- |
| | | താറാവ് വളർത്തൽ യൂണിറ്റ് | 31,525/- |
| | | മൃഗാശുപത്രി വികസന സമിതി | 750/- |
| | | റീബിൽഡ് കേരളാ പദ്ധതി-കാലിത്തീറ്റ സബ്സിഡി | 10,500 |